## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T4731** — **27.6.2014-ൽ മറുപടിക്ക്**

### കനോലി കനാൽ മാലിന്യമുക്തമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) കോഴിക്കോട് ജില്ലയിലെ കനോലികനാലിൽ മാലിന്യനിക്ഷേപം തടയുന്നതിന് എന്തൊക്കെ നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | എ) കനോലി കനാലിലേക്ക് മലിനജലം ഒഴുക്കിവിടുന്നവർക്കെതിരെ നോട്ടീസ് നൽകുകയും പിഴ ഈടാക്കുകയും ചെയ്തുവരുന്നുണ്ട്. കനോലി കനാലിന്റെ ഇരുവശത്തുമുള്ള സ്ഥാപനങ്ങളിൽ മലിനജല സംസ്കരണ പ്ലാന്റിൽ നിന്നും ശുദ്ധീകരിച്ചതിനുശേഷമുള്ള ജലം മാത്രമേ കനാലിലേക്ക് ഒഴുക്കുവിടാവൂ എന്ന കർശന നിർദ്ദേശം നോട്ടീസുകൾ മുഖാന്തിരം നൽകിയിട്ടുണ്ട്. കൂടാതെ സർക്കിളുകളിലെ ഹെൽത്ത് ഇൻസ്പെക്ടർമാരും പ്രദേശവാസികളുടെ പ്രതിനിധികളും അടങ്ങുന്ന നിരീക്ഷണ സ്ക്വാഡ് രൂപീകരിക്കുകയും മാലിന്യനിക്ഷേപം കണ്ടെത്തുന്നതിന് പട്രോളിംഗ് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| ബി) കനോലികനാലിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ; | ബി) 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ അനുശാസിക്കുന്നതു പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| സി) മാലിന്യ നിക്ഷേപം തടയാനും ബോധവൽക്കരണം ശക്തമാക്കാനും റസിഡൻസ് അസോസിയേഷനുകളുടെ സഹകരണം തേടാനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | സി) കോഴിക്കോട് നഗരസഭ റസിഡന്റ്സ് അസോസിയേഷനുകളുടെ യോഗം സമയബന്ധിതമായി വിളിച്ചു ചേർക്കുന്നുണ്ട്. റസിഡന്റ്സ് അസോസിയേഷനുകളുടെ പ്രതിനിധികളെയും നഗരസഭാ ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥരേയും ചേർത്ത് മാലിന്യ നിക്ഷേപം തടയുന്നതിനായി നിരീക്ഷണ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുള്ളതും ഇവർ സ്ഥലത്ത് പരിശോധനകൾ നടത്തി വരികയുമാണ്. |

സെക്ഷൻ ഓഫീസർ